# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 186**

9..12..2014 - ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങൾ**

**ചോദ്യം**

ശ്രീ. എളമരം കരീം
ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. സാജു പോൾ
ശ്രീ. ആർ. രാജേഷ്

**ഉത്തരം**

ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ചിലത് കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ഉണ്ടാക്കിയ ധാരണകൾ അനുസരിച്ച് അവയെല്ലാം പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് കേന്ദ്രപൊതുമേഖലാസ്ഥാപനവുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് ഏറ്റെടുക്കപ്പെട്ട സ്ഥാപനങ്ങളേതെല്ലാമാണ് എന്നും ഇതിൽ സുഗമമായി പ്രവർത്തിക്കുന്നതു ഏതെല്ലാമാണ് എന്നും വ്യക്തമാക്കുമോ;

(എ) & (ബി)

സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ഏറ്റെടുക്കൽ/സംയുക്ത സംരംഭത്തിലേർപ്പെട്ടവയുടെ വിവരം ചുവടെ ചേർക്കുന്നു.

- ട്രാൻസ് ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് നാഷണൽ തെർമൽ പവർ കോർപ്പറേഷനുമായിട്ടുള്ള സംയുക്ത സംരംഭം.
- സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും, സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും തമ്മിലുള്ള സംയുക്ത സംരഭത്തിന്റെ ഭാഗമായി സെയിൽ- എസ്സ്. സി. എൽ കേരള ലിമിറ്റഡ് എന്ന സംയുക്ത സംരഭ കമ്പനി ഏപ്രിൽ 2013 ൽ രൂപീകരിച്ചു.
- KELTEC നെ ബ്രഹ്മോസ് ഏയറോസ്പേസ് ഏറ്റെടുത്തു.

➢ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനിയറിംഗ് കമ്പനി ലിമിറ്റഡും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്ന് കെല്ലിന്റെ കാസർഗോഡുള്ള യൂണിറ്റിനെ ഏറ്റെടുത്ത് ബിഎച്ച്ഇഎൽ-ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്നപേരിൽ പുതിയ സംയുക്ത സംരംഭ കമ്പനി ആരംഭിച്ചു.

പദ്ധതികൾ പ്രവർത്തന ക്ഷമമാണെങ്കിലും സംയുക്ത സംരംഭത്തിന്റെ ധാരണ പ്രകാരമുള്ള വികസനപ്രവർത്തനങ്ങൾ പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടില്ല.

(സി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെട്ടിടവും യന്ത്രോപകരണങ്ങളും ഏറ്റെടുത്തുവെങ്കിലും ആവശ്യമായ നിലയിലുള്ള വികസന പദ്ധതികൾ ഇല്ലാത്തത് കാരണം മിക്ക സ്ഥാപനങ്ങളും വൻ തകർച്ച നേരിടുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കരാർപ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്തു ചെയ്യുവെന്നും വ്യക്തമാക്കുമോ?

(ഡി) കേന്ദ്രപൊതുമേഖലയുമായിട്ടുള്ള സംയുക്ത സംരഭങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇവയുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ